LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വായ്പാ വ്യവസ്ഥകൾ

126 [2263] പ്രൊഫ. സാവിത്രി ലക്ഷ്മണൻ:
ശ്രീ. വർക്കല കഹാർ:
,, ടി. യു. രാധാകൃഷ്ണൻ:
,, എം. മുരളി: താഴെ കാണുന്ന കോളേജുകൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) സ്വകാര്യ സ്ഥാപനങ്ങൾ മുഖേന വിദ്യാഭ്യാസ വായ്പ നൽകുന്നതിന് സംസ്ഥാന സഹകരണ ബാങ്കിന്റെ പദ്ധതിയനുസരിച്ച് ഏതെല്ലാം സംസ്ഥാനങ്ങളിലുള്ള കോളേജുകളിൽ പഠിക്കുന്നതിനാണ് വായ്പ നൽകുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ഒരു വിദ്യാർത്ഥിക്ക് പ്രസ്തുത സ്വകാര്യ സ്ഥാപനം ലോൺ തരപ്പെടുത്തിക്കൊടുക്കുന്നതിന് ആ സ്ഥാപനത്തിന് എന്തു തുക നൽകേണ്ടതുണ്ട്;

(സി) എന്തെല്ലാം കാര്യങ്ങൾക്കുവേണ്ടിയാണ് ഈ തുക നൽകുന്നത്;

(ഡി) പഠിക്കുന്ന ഓരോ വർഷവും ലോണെടുക്കുവാൻ ഈ തുക നൽകേണ്ടതുണ്ടോ?

ഉത്തരം

(എ) സ്വകാര്യ സ്ഥാപനങ്ങൾ മുഖേന സംസ്ഥാന സഹകരണ ബാങ്ക് വിദ്യാഭ്യാസ വായ്പകൾ നൽകുന്നില്ല.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

(ഡി) ബാധകമല്ല.

സ്വകാര്യ സ്ഥാപനങ്ങൾ മുഖേനയുള്ള വിദ്യാഭ്യാസ വായ്പ

127 [2264] ശ്രീ. വർക്കല കഹാർ:
,, സി. പി. മുഹമ്മദ്:
പ്രൊഫ. കെ. വി. തോമസ്:
ശ്രീ. കെ. എ. ചന്ദ്രൻ: താഴെ കാണുന്ന കോളേജുകൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) സ്വകാര്യ സ്ഥാപനങ്ങൾ മുഖേന വിദ്യാഭ്യാസ വായ്പ നൽകുന്നതിനുള്ള സംസ്ഥാന സഹകരണ ബാങ്കിന്റെ പദ്ധതിയനുസരിച്ച് വിദ്യാഭ്യാസ വായ്പ എടുക്കുന്നവർ പിന്നീട് തുകയും പലിശയും തിരിച്ചടയ്ക്കാത്തപക്ഷം അത് ഈടാക്കുവാൻ സ്വകാര്യ സ്ഥാപനങ്ങൾക്കുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമാണ്;

(ബി) വിദ്യാഭ്യാസ വായ്പ നൽകുന്നതിനായി സ്വകാര്യ സ്ഥാപനങ്ങൾക്ക് സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കും നൽകുന്ന തുകയുടെ തിരിച്ചടവ് നടത്തേണ്ടത് സ്വകാര്യ സ്ഥാപനങ്ങളാണോ;